കേരള സർക്കാർ

സംഗ്രഹം

ആരോഗ്യകുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പിലെ ഡോക്ടർമാർ ഒഴികെയുള്ള വിവിധ വിഭാഗം ജീവനക്കാരുടെ വർക്കിംഗ് അറേഞ്ച്മെന്റ് - ഗൈഡ് ലൈൻസ് - ഭേദഗതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യകുടുംബക്ഷേമ (എം) വകുപ്പ്

സ.ഉ.(സാധാ)നം. 2425/2013/ആ.കു.വ തിരുവനന്തപുരം, തീയതി 06.07.2013.

---

പരാമർശം:- 22.06.2013 ലെ സ.ഉ. (സാധാ) 2191/2013/ആ.കു.വ

**ഉത്തരവ്**

പരാമർശ ഉത്തരവ് പ്രകാരം ആരോഗ്യ കുടുംബക്ഷേമ വകുപ്പിനു കീഴിലെ വിവിധ വകുപ്പുകളിലെ ഡോക്ടർമാർ ഒഴികെയുള്ള ജീവനക്കാർക്ക് വർക്കിംഗ് അറേഞ്ച്മെന്റിൽ തുടരുന്നതിനായി അപേക്ഷിക്കുന്നതിനുള്ള ഗൈഡ് ലൈൻസിൽ ഭേദഗതി വരുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവ് പ്രകാരം താഴെ പറയുന്ന ഗണത്തിൽപ്പെടുന്ന അപേക്ഷകൾ വർക്കിംഗ് അറേഞ്ച്മെന്റിൽ തുടരുന്നതിനായി ശുപാർശ ചെയ്ത് സർക്കാരിലേക്ക് അയക്കുവാൻ ഉത്തരവായിട്ടുണ്ട്.

1. ബുദ്ധിമാന്ദ്യം സംഭവിച്ച / കാൻസർ തുടങ്ങിയ മാരകരോഗം ബാധിച്ച കുട്ടികളുടെ രക്ഷിതാക്കൾ.
2. കാൻസർ തുടങ്ങിയ മാരകരോഗം ബാധിച്ച ജീവനക്കാർ.
3. വിധവ / വിഭാര്യൻ (കുട്ടികളുണ്ടെങ്കിൽ മാത്രം)
4. വികലാംഗർ ( 50% & above)
5. ദത്തെടുത്ത കുട്ടിയുള്ള ജീവനക്കാർ

വർക്കിംഗ് അറേഞ്ച്മെന്റിൽ തുടരുന്നതിനായി ശുപാർശ ചെയ്യുന്നതിന് ഉത്തരവായ മേൽ വിഭാഗത്തോടൊപ്പം താഴെ പറയുന്ന വിഭാഗത്തെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് പരാമർശ ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. കാൻസർ തുടങ്ങിയ മാരകരോഗം ബാധിച്ച ഭാര്യ / ഭർത്താവുള്ള ജീവനക്കാർ
2. വന്ധ്യതാ ചികിൽസയിൽ തുടരുന്നവർ.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
മുഹമ്മദ് ഷെരീഫ്. കെ.
ഡെപ്യൂട്ടി സെക്രട്ടറി.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം.
ഭാരതീയ നാട്ടുചികിത്സാ വിഭാഗം ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ & കൺട്രോളിംഗ് ഓഫീസർ, ഗവ. ഹോമിയോപ്പതി മെഡിക്കൽ കോളേജ്, തിരുവനന്തപുരം.
ഡയറക്ടർ, ഹോമിയോ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, ഡ്രഗ്സ് കൺട്രോൾ വകുപ്പ്, തിരുവനന്തപുരം.
പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം (പരസ്യപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ആഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : ആരോഗ്യവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്
ആരോഗ്യ കുടുംബക്ഷേമ (സി, ഡി, ഇ, എഫ്, എച്ച്, ജെ, കെ, എഫ്ഡബ്ല്യൂ) വകുപ്പ്